## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3162 — 10.05.2017 ൽ മറുപടിയ്ക്ക്

## സപ്ലൈകോയുടെ മാർക്കറ്റ് ഇടപെടൽ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. സ്വരാജ്<br>ശ്രീ. കെ. ദാസൻ<br>ശ്രീ. ഒ. ആർ. കേളു<br>ശ്രീ. പി.കെ. ശശി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കാര്യക്ഷമമായി നടപ്പാക്കി വരുന്നു. പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമേ ഒ.എം.എസ്.എസ്. പുഴക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തു വരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും എം.ആർ.പി./ മാർക്കറ്റ് |

| | | | |
|---|---|---|---|
| | | | വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. കൂടാതെ അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും, സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നുണ്ട്. |
| (ബി) | കഴിഞ്ഞ വിഷു-ഈസ്റ്റർ ഉത്സവ സീസണിൽ ഇതിനായി സപ്ലൈകോ പ്രത്യേക വില്പനശാലകൾ ആരംഭിച്ചിരുന്നോ; വിശദാംശം നൽകുമോ; | (ബി) | പൊതു വിപണിയിലെ വില വർദ്ധനവ് തടയുന്നതിനായി വിഷു-ഈസ്റ്റർ സീസണിൽ സപ്ലൈകോയുടെ എല്ലാ സൂപ്പർ മാർക്കറ്റുകളും ഹൈപ്പർ മാർക്കറ്റുകളും പീപ്പിൾസ് ബസാറുകളും പ്രത്യേക ഫെയറുകളായി പ്രവർത്തിച്ചിട്ടുണ്ട്. ഈ സീസണിൽ ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങളും മറ്റും ഈ ഫെയറുകളിൽ കൂടി ലഭ്യമാക്കി. വിഷു, ഈസ്റ്റർ സീസൺ കണക്കിലെടുത്ത് 09/04/2017 ഞായറാഴ്ചയും, അവധി ദിവസമായ 13/04/2017 ലും (പെസഹ വ്യാഴാഴ്ച) മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും തുറന്നു പ്രവർത്തിച്ചു. |
| (സി) | സപ്ലൈകോയുടെ മെഡിക്കൽ സ്റ്റോറുകൾ വഴി ജീവൻ രക്ഷാ മരുന്നുകൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | സപ്ലൈകോയുടെ 106 മെഡിക്കൽ സ്റ്റോറുകൾ വഴി ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ എം.ആർ.പി. യെക്കാൾ 50% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്തു വരുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാസം തോറും 1000/- രൂപ വരെ വിലയുള്ള മരുന്നുകൾക്ക് 25% ഡിസ്കൗണ്ട് നൽകി വരുന്നു. |
| (ഡി) | സപ്ലൈകോ നടപ്പിലാക്കിവരുന്ന മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സപ്ലൈകോ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പു |

| | | | |
|---|---|---|---|
| | | | വരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി വിറ്റുവരുന്നു. കൂടുതൽ വിൽപ്പന ശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ആദിവാസി/ തീരദേശ മേഖലകളിലായി നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 22 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചു വരുന്നു. യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽന റേഷൻ കാർഡുകൾ വഴി നിയന്ത്രിച്ചു വരുന്നു. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ എഫ്.എം.സി.ജി. സാധനങ്ങളും എം.ആർ.പി. യേക്കാളും ശരാശരി 5 മുതൽ 30 ശതമാനം വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. പൊതുവിപണിയിലേതിനേക്കാൾ 20 ശത്മാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ സപ്ലൈകോയുടെ സ്വന്തം ബ്രാൻറായ "ശബരി" എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കുന്നതിന് പ്രത്യേക ഉത്സവകാല ചന്തകളും സപ്ലൈകോ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ